പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3503 17-12-2015 ൽ മറുപടിയ്ക്ക്

## ആശ്രിതനിയമനത്തിനുള്ള അപേക്ഷകൾ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി.<br>( മുഖ്യമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വകുപ്പുകളിലായി എത്ര പേർക്ക് ആശ്രിതനിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഏതു കാലയളവുവരെ സമർപ്പിച്ച അപേക്ഷകളാണ് പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) ആശ്രിതനിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 06-07-2012 ലെ ജി.ഒ. (എം.എസ്) നം.174/12/ജി.എ.ഡി. പ്രകാരം 549 തസ്തികകളും, 02-09-2013 ലെ ജി.ഒ (എം.എസ്) നം. 249/13/ജി.എ.ഡി. പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ വിവിധ വകുപ്പുകളിൽ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 02-06-2014 ലെ ജി.ഒ (എം.എസ്) നം. 131/2014/ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസ്സിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും, 06-11-2014 ജി.ഒ (എം.എസ്) 307/2014/പൊ.ഭ.വ. പ്രകാരം 1 അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി 183 അപേക്ഷകർക്കും ഒഴിവ് നിർണ്ണയിച്ചിച്ച നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ആശ്രിതനിയമനം കാത്തുനിൽക്കുന്നവരെ നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് 03-10-2015 ലെ സ.ഉ. (എം.എസ്) നം. 251/15/പൊ.ഭ.വ. പ്രകാരം 327 സൂപ്പർന്യൂമററി തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. ഇതോടുകൂടി 30-9-2015 വരെ ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് നിയമനം നൽകുവനാണ് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| (ബി) ആശ്രിതനിയമനം ലഭ്യമാക്കുന്നതിനു വേണ്ടി എത്ര അപേക്ഷകളാണ് നിലവിലുള്ളത് ; പ്രസ്തുത നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നല്കുമോ ? | (ബി) വിവിധ വകുപ്പിൽ വിവിധ തസ്തികയിലേയ്ക്ക് ആശ്രിതനിയമനം ലഭ്യമാക്കുന്നതിന് പ്രൊഫോർമ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള 244 അപേക്ഷകൾ നിലവിലുണ്ട്. ആശ്രിതനിയമനത്തിന് അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ വേഗത്തിലാക്കുന്നതിനുമാണ് സൂപ്പർന്യൂമററിതസ്തികൾ സൃഷ്ടിച്ച് വിവിധ വകുപ്പുകൾക്ക് നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ